**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*121** **06/03/2018- ൽ മറുപടിയ്ക്ക്**

**സ്വാഭാവിക റബ്ബറിന്റെ വില**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. ആന്റണി ജോൺ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ. ജോർജ് .എം. തോമസ്**<br>**ശ്രീ. പി.വി. അൻവർ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| എ) ബ്ലോക്കു റബർ നിർമ്മാണത്തിനെന്ന പേരിൽ വൻതോതിൽ ചിരട്ടപ്പാൽ ഇറക്കുമതിക്ക് അനുമതി നൽകാനും റബർ ബോർഡിനെ ഉപയോഗിച്ച് കൊണ്ട് ഇത്തരം നിലവാരം കുറഞ്ഞ ഉല്പന്നത്തിലേക്ക് തിരിയാൻ സംസ്ഥാനത്തെ കർഷകരെ പ്രേരിപ്പിക്കുന്നതിനായും കേന്ദ്ര സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ നീക്കത്തിൽ നിന്നു പിൻമാറാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേന്ദ്രസർക്കാർ റബർ നയം പ്രഖ്യാപിക്കുമെന്ന് പറയുന്നതിന്റെ ഭാഗമായി രാജ്യത്ത് റബർ ഉല്പാദനത്തിന്റെ കുത്തകയുള്ള സംസ്ഥാനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയ വിനിമയം നടത്തുകയുണ്ടായോ;<br><br>(സി) ഉല്പാദനചെലവുമായി ബന്ധപ്പെടുത്തി സ്വാഭാവിക റബറിന് വില നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിനോട് അടിയന്തരമായി ആവശ്യപ്പെടുമോ? | (ബി)<br>&<br>(സി) | കേന്ദ്രസർക്കാർ റബ്ബർ നയം പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനസർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും, കേന്ദ്രസർക്കാരിന്റെ lively hood security box - ലും രാജ്യാന്തര വാണിജ്യ - വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ |

ഉൾപ്പെടുത്തണമെന്നും, ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ-വ്യവസായ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് 22/2/2018 - ൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കേന്ദ്ര മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് യുദ്ധ കാലാടിസ്ഥാനത്തിൽ പരിഹാരം കാണുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്നകാര്യവും, റബ്ബറിന് സംസ്ഥാന സർക്കാർ നൽകി വരുന്ന ഉല്പാദക ബോണസ് 150/- രൂപയിൽ നിന്നും 200/-രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായി അധിക സഹായം നൽകുന്നതിനും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

തെക്കൻ സംസ്ഥാനങ്ങളിലെ കാർഷിക ഉല്പന്നങ്ങളുടെ താങ്ങുവില നിശ്ചയിക്കുന്നതിനായി കേന്ദ്രസർക്കാർ വിളിച്ചു ചേർത്ത യോഗത്തിൽ കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന്റെ 150% താങ്ങുവില പ്രഖ്യാപിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**